**പതിമൂന്നാം കേരള നിയമസഭ**
**ഒമ്പതാം സമ്മേളനം**
**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 539**
**11.06.2013 ലെ മറുപടിയ്ക്ക്**

## പങ്കാളിത്ത പെൻഷൻ പദ്ധതി

**ചോദ്യം**
**ശ്രീ. എം. എ. ബേബി**
**ശ്രീ. കെ. സുരേഷ് കുറുപ്പ്**
**ശ്രീമതി. കെ.എസ്. സലീഖ**
**ഡോ. കെ.ടി. ജലീൽ**

**ഉത്തരം**
**ശ്രീ. കെ.എം. മാണി**
**(ബഹു. ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പു മന്ത്രി)**

| | | |
|---|---|---|
| (എ) | സംസ്ഥാന സർക്കാർ ജീവനക്കാരുടെ പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഫണ്ടിംഗ് ഏജൻസിയായി ആരെയാണ് നിശ്ചയിച്ചിട്ടുള്ളത്; | ജീവനക്കാരുടെ ശമ്പളത്തിന്റെ 10% ഉം തത്തുല്യമായ സർക്കാർ വിഹിതവുമാണ് ദേശീയ പെൻഷൻ പദ്ധതിയിൽ ഫണ്ടു നിക്ഷേപമായി വരുന്നത്. |
| (ബി) | ഏപ്രിൽ ഒന്നാം തീയതി മുതൽ സർവ്വീസിൽ പ്രവേശിച്ച ജീവനക്കാരിൽ നിന്നും അവരുടെ പെൻഷൻ ഫണ്ടിലേക്ക് വേണ്ടുന്ന വിഹിതം പിടിച്ചിട്ടുണ്ടോ; സർക്കാർ അടയ്ക്കേണ്ട വിഹിതവും ഇപ്പോൾ ഏത് ഏജൻസിയിലാണ് അടയ്ക്കുന്നത്; | ദേശീയ പെൻഷൻ പദ്ധതിയിലെ ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും പെൻഷൻ വിഹിതം കുറവ് ചെയ്യുന്നതിനും സർക്കാർ വിഹിതം അടയ്ക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) | പങ്കാളിത്ത പെൻഷൻ സംബന്ധിച്ച് കേന്ദ്രം രൂപം നൽകിയ 2011-ലെ പെൻഷൻ ഫണ്ട് റഗുലേറ്ററി ആന്റ് ഡെവലപ്മെന്റ് അതോറിറ്റി ബിൽ പാർലമെന്റ് അംഗീകരിച്ചിട്ടുണ്ടോ എന്ന് സർക്കാർ പരിശോധിച്ചിട്ടുണ്ടോ; | പെൻഷൻ ഫണ്ട് റഗുലേറ്ററി ആന്റ് ഡെവലപ്മെന്റ് അതോറിറ്റി ബിൽ പാർലമെന്റിന്റെ പരിഗണനയിലാണ്. |

| | | |
|---|---|---|
| (ഡി) | പങ്കാളിത്ത പെൻഷൻ നടപ്പിലാക്കാൻ തീരുമാനിച്ച ഘട്ടത്തിൽ ജീവനക്കാർ ഉന്നയിച്ച ആശങ്കകൾ തുടരുന്നത് സർക്കാർ മനസ്സിലാക്കിയിട്ടുണ്ടോ; ഇക്കാര്യത്തിൽ സർക്കാർ നിലപാട് പുനഃപരിശോധിക്കാൻ തയ്യാറാകുമോ? | ജീവനക്കാരുടെ ആശങ്കകൾ ജീവനക്കാരുമായി മുഖ്യമന്ത്രി തലത്തിൽ ചർച്ച ചെയ്ത് ദൂരീകരിച്ചിട്ടുണ്ട്. ടി പദ്ധതി സംബന്ധിച്ച സർക്കാർ നിലപാട് പുനഃപരിശോധിക്കുവാനുള്ള സാഹചര്യം നിലവിലില്ല. |

സെക്ഷൻ ഓഫീസർ